ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി : സർ, 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

XI അവകാശലംഘന പ്രശ്നങ്ങൾ

(i) അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. വി. വിജയദാസ് എം.എൽ.എ. നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. എ. കെ. ബാലൻ, ശ്രീ. വി. ശിവൻകുട്ടി എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ബഹുമാനപ്പെട്ട ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. സി. ദിവാകരൻ എം.എൽ.എ. നൽകിയ നോട്ടീസ്, ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസണിനെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ നോട്ടീസ്, വിദ്യാഭ്യാസ വകുപ്പ മന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ നോട്ടീസ്, ശ്രീ. ആർ. സെൽവരാജ് എം.എൽ.എ.ക്കെതിരെ ശ്രീ.എ. കെ. ബാലൻ എം.എൽ.എ. നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ നോട്ടീസ് എന്നിവയ്ക്ക് അനുമതി നിഷേധിക്കുന്നു.

(ii) പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ എന്നിവർ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. റ്റി. എൻ. പ്രതാപൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ നൽകിയ നോട്ടീസും പരിഗണനയിലാണ്. ഇതിന്റെ വിശദ വിവരങ്ങളടങ്ങിയ രേഖകൾ ലൈബ്രറിയിൽ ഉണ്ട്.

XII പ്രമേയം

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, തല്ക്കാലം സഭ മുമ്പാകെ വയ്ക്കുവാൻ ഗവൺമെന്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചു.

XIII അവലോകനം

മി. സ്പീക്കർ : 13-ാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനമാണ് ഇന്ന് ഇവിടെ അവസാനിക്കുന്നത്. ജൂൺ 8-ന് ആരംഭിച്ച് തുടർന്ന് ജൂൺ 9 മുതൽ 28 വരെ നിർത്തിവച്ച സഭാസമ്മേളനം പുനരാരംഭിച്ചത് ജൂൺ 29-ന് ആണ്. ഇതുവരെയായി 21 ദിവസം സഭാസമ്മേളനം നടന്നു. 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന ചർച്ചകൾക്കാണ് ഈ സമ്മേളനത്തിലെ പതിമൂന്ന് ദിവസങ്ങൾ ചെലവഴിച്ചത്. എല്ലാ അംഗങ്ങളും ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും ധാരാളം നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. ഈ സമ്മേളന കാലത്ത് ലഭിച്ച 11,761 നോട്ടീസുകൾ ചോദ്യമായി അംഗീകരിച്ചു. ഇവയിൽ 660 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 5953 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി. 6613 ചോദ്യങ്ങൾ അച്ചടിക്കുകയുണ്ടായി. സഭാതലത്തിൽ 54 ചോദ്യങ്ങൾക്കും രണ്ട് അടിയന്തര ചോദ്യങ്ങൾക്കും വാക്കാൽ മറുപടി നൽകി. 532 ഉപചോദ്യങ്ങളും സഭയിൽ ഉന്നയിച്ചു. നിയമസഭാ ചോദ്യോത്തര പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ചത് ഈ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചു. സാമാജികർ പലരും

LIBRARY ARCHIVES Kerala Legislative Assembly